(ബി) 9-3-2018-ലെ പരിപത്രം നമ്പർ 1866829/ജെ3/2017/പൊ.വി.വ. പ്രകാരം സെറ്റ് യോഗ്യത നേടിയവരെ കെ-ടെറ്റ് കാറ്റഗറി I മുതൽ IV വരെ നേടുന്നതിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. വിശദാംശങ്ങളുൾപ്പെടുന്ന പ്രസ്തുത സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി വയ്ക്കുന്നു.*

(സി) അപേക്ഷിക്കാം. ഹയർ സെക്കന്ററി ടീച്ചർ (ജൂനിയർ) തസ്തികയിലെ 25 ശതമാനം ഒഴിവുകൾ യോഗ്യത നേടിയ ഹൈസ്കൂൾ അദ്ധ്യാപകരുടെ തസ്തികമാറ്റ നിയമനത്തിനായി മാറ്റിവച്ചിട്ടുണ്ട്. ഇവരുടെ അഭാവത്തിൽ യോഗ്യത നേടിയ എൽ.പി./യു.പി. അദ്ധ്യാപകരെ പരിഗണിക്കുന്നുണ്ട്. ഇതുകൂടാതെ ഹയർ സെക്കണ്ടറി ടീച്ചർ (സീനിയർ) തസ്തികയിലുണ്ടാകുന്ന ഒഴിവുകളിൽ യോഗ്യത നേടിയ ഹയർ സെക്കന്ററി ടീച്ചർ (ജൂനിയർ) അദ്ധ്യാപകരുടെ അഭാവത്തിൽ 1:3 എന്ന അനുപാതത്തിൽ യോഗ്യത നേടിയ ഹൈസ്കൂൾ അദ്ധ്യാപകർ, എൽ.പി./യു.പി. അദ്ധ്യാപകർ എന്നിവരുടെ തസ്തികമാറ്റ നിയമനത്തിനും പി.എസ്.സി. മുഖേനയുള്ള നേരിട്ടുള്ള നിയമനത്തിനും പരിഗണിക്കുന്നുണ്ട്.

## അന്ധവിദ്യാലയങ്ങളിലെ വിജിലൻസ് അന്വേഷണം നേരിടുന്ന ഹെഡ്മാസ്റ്റർമാർ

178(6053) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ അന്ധവിദ്യാലയങ്ങളിലെ ഹെഡ് മാസ്റ്റർമാരിൽ വിജിലൻസ് അന്വേഷണം നേരിടുന്ന എത്രപേരുണ്ട്; ഇവരുടെ വിശദമായ വിവരങ്ങൾ ലഭ്യമാക്കാമോ; ഇതിൽ എത്രപേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; കുറ്റക്കാരാണെന്ന് വിജിലൻസ് കണ്ടെത്തിയിട്ടുള്ള ഹെഡ് മാസ്റ്റർമാരെ സസ്പെൻഡ് ചെയ്യുകയോ പ്രസ്തുത തസ്തികയിൽ തരംതാഴ്ത്തുകയോ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

സർക്കാർ അന്ധവിദ്യാലയത്തിലെ പ്രഥമാദ്ധ്യാപകരിൽ നിലവിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നേരിടുന്ന ആരുംതന്നെയില്ല. എന്നാൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഐ.ഇ.ഡി. വിഭാഗത്തിലെ വിദ്യാഭ്യാസ ഉപഡയറക്ടറായിരുന്ന ശ്രീ. രാജനെ നിലവിലുണ്ടായിരുന്ന തസ്തികയിൽ നിന്നും നിയമയോഗ്യതയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കോടതി വിധിയുടെ അടിസ്ഥാനത്തിൽ ശ്രീ. രാജനെ കോട്ടയം ജില്ലയിലെ ഒളശ്ശ ഗവൺമെന്റ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

അന്ധവിദ്യാലയത്തിലെ പ്രഥമാദ്ധ്യാപക തസ്തികയിലേയ്ക്ക് തരംതാഴ്ത്തുകയുണ്ടായി. വികലാംഗ വിദ്യാർത്ഥികൾക്ക് ഉപകരണങ്ങൾ നൽകിയതിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് വി.ഇ. 4/2018/ എസ്.ഐ.യു. 2 നമ്പർ പ്രകാരം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തിവരുന്നുണ്ട്. സ്കൂളിൽനിന്നും 31-3-2019-ന് ശ്രീ. രാജൻ സേവനത്തിൽനിന്നും വിരമിച്ചു. ശ്രീ. രാജനെതിരെ വിജിലൻസ് നടത്തുന്ന അന്വേഷണത്തിന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. ആയതിനാൽ വകുപ്പുതല നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

തൃശ്ശൂർ ജില്ലയിലെ കുന്ദംകുളം സർക്കാർ അന്ധവിദ്യാലത്തിൽ പ്രഥമാദ്ധ്യാപകനായിരുന്ന ശ്രീ. കെ. എം. അബ്ദുൽ ഹക്കീമിനെതിരായി ഇ 8/(എസ്.സി.) 13/16/ടി.എസ്.ആർ.) 1425/2016 നമ്പർ പ്രകാരമുള്ള വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണ റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ 1960-ലെ കെ.സി.എസ്. (സി.സി.&എ) റൂൾ 15 പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽനിന്നും ടിയാനെതിരെ വകുപ്പുതല നടപടി സ്വീകരിച്ചു വരുന്നു. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാനെ സസ്പെന്റ് ചെയ്യുകയോ, പ്രസ്തുത തസ്തികയിൽനിന്നും തരംതാഴ്ത്തുകയോ ചെയ്തിട്ടില്ല. അച്ചടക്ക നടപടി പൂർത്തീകരിക്കാത്തതിനാൽ ശ്രീ. കെ. എം. അബ്ദുൾ ഹക്കീമിന് ശിക്ഷ നിശ്ചയിച്ച് നൽകിയിട്ടില്ല.

**എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനം**

179(6054) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂൾ മാനേജർമാരുടെ അധികാരം ഭാഗികമായി പുനഃസ്ഥാപിച്ച് ഉത്തരവായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പുതിയ ഉത്തരവ് പ്രകാരം അദ്ധ്യാപക ബാങ്കിൽ നിന്ന് അദ്ധ്യാപകരെ നിയമിക്കുന്ന തീയതി മുതൽ മാത്രമേ സ്കൂൾ മാനേജർമാർ നടത്തുന്ന നിയമനത്തിന് അംഗീകാരം ലഭിക്കുകയുള്ളൂവെന്ന് വ്യക്തത വരുത്തിയിട്ടുണ്ടോ;

(സി) 2016 ജനവരി 29 മുതലുള്ള അധിക തസ്തികയിലെ അദ്ധ്യാപക നിയമനം എപ്രകാരമായിരിക്കണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്കൂൾ മാനേജർമാരുടെ അധികാരങ്ങളൊന്നുംതന്നെ സർക്കാർ പിൻവലിക്കുകയോ ഇല്ലാതാക്കുകയോ ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly